**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **04-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (എ) | ഭരണഘടനയുടെ 246(3) അനുച്ഛേദവും സംസ്ഥാന ലിസ്റ്റിലെ 43ാം ഉൾക്കുറിപ്പ് പ്രകാരവും നൽകപ്പെട്ടിട്ടുള്ള നിയമനിർമ്മാണാധികാരം വിനിയോഗിച്ച കൊണ്ട് കേരള നിയമസഭ 2003 ലെ കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്റ്റ് (കേരള എഫ്.ആർ.എ ആക്റ്റ്) പാസ്സാക്കുകയുണ്ടായി. അതിൻ പ്രകാരം 2003 മുതൽ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി നിശ്ചയിക്കപ്പെടുന്നത് പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത നിയമത്തിൽ ഫിസ്കൽ ടാർഗറ്റ് സംബന്ധിച്ചുള്ള ഭേദഗതികൾ കൊണ്ടു വരുന്നത് അതത് ധനകാര്യ കമ്മിഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ്. അപ്രകാരം 15ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ ഉൾകൊള്ളിച്ച കൊണ്ട് 2022ൽ ടി ആക്റ്റിൽ ഭേദഗതി വരുത്തുകയുണ്ടായി. അപ്രകാരം നിശ്ചയിച്ച ഫിസ്കൽ ടാർഗറ്റ് ചുവടെ പറയും പ്രകാരമാണ്.<br><br>*Vide Section 2 of the Kerala Fiscal Responsibility (Amendment) Act, 2022 (Act 13 of2022), Clause (b) of Sub Section (2) of Section 4 of the aforesaid Act provides that the State shall "reduce the fiscal deficit to 3% of estimated Gross State Domestic Product within a period of five years commencing from 1st April, 2021 and ending on 31st March, 2026 by maintaining the fiscal deficit at a level not exceeding 4.5 per cent, 4 per cent, 3.5 per cent, 3.5 per cent of the Gross State Domestic Product in the years 2021-2022, 2022-2023, 2023-2024 and 2024-2025 respectively and reducing it to 3 per cent in 2025-2026."*<br><br>ടി ആക്റ്റിൻ കീഴിൽ SOEs (State Owned Entities) എടുക്കുന്ന കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് |

| | | | |
|---|---|---|---|
| | | | പരിധിയിൽ നിന്നും വെട്ടി കുറയ്ക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നില്ല. 15ാം ധനകാര്യ കമ്മീഷനും അത്തരത്തിൽ വ്യവസ്ഥ ചെയ്തിരുന്നില്ല.<br><br>എന്നാൽ, പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി State Public Sector companies/corporations, Special purpose vehicles (SPVs) and other equivalent instruments എന്നിവ എടുക്കുന്ന കടം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാർ ഏകപക്ഷീയമായി തീരുമാനിക്കുകയും ടി തീരുമാനം 31/03/2022 ലെ കത്ത് No. 40(2) PF-S/2022-23 പ്രകാരം കേന്ദ്ര ധനമന്ത്രാലയത്തിന്റെ വ്യയവകുപ്പ് (Public Finance - State Division) സംസ്ഥാനത്തെ അറിയിക്കുകയും ഉണ്ടായി. ടി നയ വ്യതിയാനത്തെ തുടർന്നാണ് SOEs ന്റെ കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താൻ തുടങ്ങിയത്. 15 ാം ധനകാര്യ കമ്മിഷന്റെ (2020-26) ശിപാർശകൾക്കനുസൃതമായും കേരള എഫ്.ആർ.എ ആക്റ്റിന് അനുസൃതമായും ആസൂത്രണം ചെയ്ത 2022-27 കാലഘട്ടത്തിലെ സംസ്ഥാനത്തിന്റെ fourteenth five year പ്ലാൻ വിഭാവന ചെയ്ത രീതിയിൽ പൂർണ്ണമായും നടപ്പാക്കുന്നതിനു കേന്ദ്ര സർക്കാരിന്റെ മേൽ തീരുമാനം തടസ്സം സൃഷ്ടിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി സംസ്ഥാന സർക്കാരിന്റെ Legitimate Expectation നു തുരങ്കം വയ്ക്കുന്നതായിരുന്നു. തത്ഫലമായി സംസ്ഥാനത്തിന് 2022 മുതൽ വായ്പയെടുക്കൽ അവകാശത്തിൽ ഭീമമായ കുറവും വിഭവ സമാഹരണ കമ്മിയും ഉണ്ടായി. ഈ നയവ്യതിയാനത്തിൽ നിന്നും പിന്മാറമണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചെങ്കിലും അനുകൂലമായ നടപടികൾ ഒന്നും തന്നെ ഉണ്ടായില്ല. തുടർന്ന് കേന്ദ്ര സർക്കാരിന്റെ ഈ സമീപനത്തിനെതിരെ കേരള സർക്കാർ സുപ്രീം കോടതിയിൽ സ്യൂട്ട് 1/2024 ഫയൽ ചെയ്തു. പ്രസ്തുത കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പ്രതിവാദത്തിൽ കേന്ദ്ര സർക്കാർ ഉന്നയിച്ച ന്യായം കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലെന്നും, സമാന സ്ഥിതിയിലുള്ള NHAI തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികളെല്ലാം വരുമാനം നേടുന്നവയാണെന്നും അത് വഴി തിരിച്ചടവ് സാധ്യമാകുന്നു എന്നുമാണ്. പ്രസ്തുത സാഹചര്യത്തിൽ കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കാൻ ചില ആലോചനകൾ നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ടോൾ ഏർപ്പെടുത്തുന്നത് കേന്ദ്രത്തിന്റെ നയം മൂലം ആണോ; എങ്കിൽ കേന്ദ്ര നയത്തിലെ ഈ മാറ്റം എന്താണെന്ന് വിശദീകരിക്കാമോ; | (ബി) | ഭരണഘടനയുടെ 246(3) അനുച്ഛേദവും സംസ്ഥാന ലിസ്റ്റിലെ 43ാം ഉൾക്കുറിപ്പ് പ്രകാരവും നൽകപ്പെട്ടിട്ടുള്ള നിയമനിർമ്മാണാധികാരം വിനിയോഗിച്ച് കൊണ്ട് കേരള നിയമസഭ 2003 ലെ കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്റ്റ് (കേരള എഫ്.ആർ.എ ആക്റ്റ്) പാസ്സാക്കുകയുണ്ടായി. അതിൻ പ്രകാരം 2003 മുതൽ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി നിശ്ചയിക്കപ്പെടുന്നത് പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത നിയമത്തിൽ ഫിസ്കൽ ടാർഗറ്റ് സംബന്ധിച്ചുള്ള ഭേദഗതികൾ കൊണ്ടു വരുന്നത് അതത് ധനകാര്യ കമ്മിഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ്. അപ്രകാരം 15ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ ഉൾകൊള്ളിച്ച് കൊണ്ട് 2022ൽ ടി ആക്റ്റിൽ ഭേദഗതി വരുത്തുകയുണ്ടായി. അപ്രകാരം നിശ്ചയിച്ച ഫിസ്കൽ ടാർഗറ്റ് ചുവടെ പറയും പ്രകാരമാണ്.<br><br>*Vide Section 2 of the Kerala Fiscal Responsibility (Amendment) Act, 2022 (Act 13 of2022), Clause (b) of Sub Section (2) of Section 4 of the aforesaid Act provides that the State shall "reduce the fiscal deficit to 3% of estimated Gross State Domestic Product within a period of five years commencing from 1$^{st}$ April, 2021 and ending on 31st March, 2026 by maintaining the fiscal deficit at a level not exceeding 4.5 per cent, 4 per cent, 3.5 per cent, 3.5 per cent of the Gross State Domestic Product in the years 2021-2022, 2022-2023, 2023-2024 and 2024-2025 respectively and reducing it to 3 per cent in 2025-2026."*<br><br>ടി ആക്റ്റിൻ കീഴിൽ SOEs (State Owned Entities) എടുക്കുന്ന കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും വെട്ടി കുറയ്ക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നില്ല. 15ാം ധനകാര്യ കമ്മിഷനും അത്തരത്തിൽ വ്യവസ്ഥ ചെയ്തിരുന്നില്ല.<br><br>എന്നാൽ, പ്രസ്തുത ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി State Public Sector companies/corporations, Special purpose vehicles (SPVs) and other equivalent instruments എന്നിവ എടുക്കുന്ന കടം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാർ ഏകപക്ഷീയമായി തീരുമാനിക്കുകയും ടി തീരുമാനം 31/03/2022 ലെ കത്ത് No. 40(2) PF-S/2022-23 പ്രകാരം കേന്ദ്ര ധനമന്ത്രാലയത്തിന്റെ |

| | | | |
|---|---|---|---|
| | | | വ്യയവകുപ്പ് (Public Finance - State Division) സംസ്ഥാനത്തെ അറിയിക്കുകയും ഉണ്ടായി. ടി നയ വ്യതിയാനത്തെ തുടർന്നാണ് SOEs ന്റെ കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താൻ തുടങ്ങിയത്. 15 ാം ധനകാര്യ കമ്മിഷന്റെ (2020-26) ശിപാർശകൾക്കനുസൃതമായും കേരള എഫ്.ആർ.എ ആക്റ്റിന് അനുസൃതമായും ആസൂത്രണം ചെയ്ത 2022-27 കാലഘട്ടത്തിലെ സംസ്ഥാനത്തിന്റെ fourteenth five year പ്ലാൻ വിഭാവന ചെയ്ത രീതിയിൽ പൂർണ്ണമായും നടപ്പാക്കുന്നതിനു കേന്ദ്ര സർക്കാരിന്റെ മേൽ തീരുമാനം തടസ്സം സൃഷ്ടിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി സംസ്ഥാന സർക്കാരിന്റെ Legitimate Expectation നു ഭംഗം വരുത്തുന്നതായിരുന്നു. തത്ഫലമായി സംസ്ഥാനത്തിന് 2022 മുതൽ വായ്പയെടുക്കൽ അവകാശത്തിൽ ഭീമമായ കുറവും വിഭവ സമാഹരണ കമ്മിയും ഉണ്ടായി. ഈ നയവ്യതിയാനത്തിൽ നിന്നും പിന്മാറമണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചെങ്കിലും അനുകൂലമായ നടപടികൾ ഒന്നും തന്നെ ഉണ്ടായില്ല. തുടർന്ന് കേന്ദ്ര സർക്കാരിന്റെ ഈ സമീപനത്തിനെതിരെ കേരള സർക്കാർ സുപ്രീം കോടതിയിൽ സ്യൂട്ട് 1/2024 ഫയൽ ചെയ്തു. പ്രസ്തുത കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പ്രതിവാദത്തിൽ കേന്ദ്ര സർക്കാർ ഉന്നയിച്ച ന്യായം കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലെന്നും, സമാന സ്ഥിതിയിലുള്ള NHAI തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികളെല്ലാം വരുമാനം നേടുന്നവയാണെന്നും അത് വഴി തിരിച്ചടവ് സാധ്യമാകുന്നു എന്നുമാണ്. പ്രസ്തുത സാഹചര്യത്തിൽ കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കാൻ ചില ആലോചനകൾ നടന്നു വരുന്നുണ്ട്. |
| (സി) | കിഫ്ബി പദ്ധതിയിൽ വരുമാനം കണ്ടെത്തുന്നത് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; മസാല ബോണ്ട് വഴി വാങ്ങിയ തുക തിരിച്ചടച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് തിരിച്ചടച്ചത്; ആയതിന്റെ പലിശ എത്രയെന്ന് വിശദീകരിക്കാമോ; | (സി) | നിലവിൽ, വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽ നിന്നും ലോണുകൾ മുഖേനയും, ആഭ്യന്തര – അന്താരാഷ്ട്ര വിപണിയിൽ നിന്നും ബോണ്ടുകൾ മുഖേനയുമാണ് മുഖ്യമായി കിഫ്ബി ധനസമാഹരണം നടത്തി വരുന്നത്. ഇവയ്ക്ക് പുറമെ കെ.എസ്.എഫ്.ഇ യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബിയുടെ ഡിവിഡന്റ് സ്കീം ലോൺ എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്.<br><br>2019 മാർച്ച് മാസം കിഫ്ബി മസാലാ ബോണ്ടിലൂടെ സമാഹരിച്ച 2150 കോടി രൂപ സമാഹരിച്ചത്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ കാലവധി 5 വർഷമായിരുന്നു. കൂപ്പൺ നിരക്ക് 9.273% ആയിരുന്നു. ഈ ബോണ്ടിലൂടെ സമാഹരിച്ച 2150 കോടി രൂപ കാലാവധിയായ 5 വർഷം പൂർത്തിയായപ്പോൾ, 2024 മാർച്ചിൽ പൂർണ്ണമായും തിരിച്ചടച്ചു. ബോണ്ട് കാലാവധിയിൽ 9.273% പലിശ നിരക്കിൽ 104.52 കോടി രൂപ വീതം അർദ്ധവാർഷിക അടിസ്ഥാനത്തിൽ നൽകിയിരുന്നു. |
| (ഡി) | കിഫ്ബി വായ്പ തിരിച്ചടവ് നടത്തുന്നതിന് പെട്രോളിയം സെസ്സ് ഈടാക്കുന്നുണ്ടോ; 2024-25 സാമ്പത്തിക വർഷം ഈയിനത്തിൽ എത്ര രൂപയാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള നിയമസഭ ഐകകണ്ഠേന പാസാക്കിയ കിഫ് ആക്റ്റിലെ വകുപ്പിലെ 7ാം വകുപ്പ് പ്രകാരം തൊട്ടുമുൻപുള്ള സാമ്പത്തിക വർഷത്തിൽ സർക്കാരിനു ലഭിച്ച മൊട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത വിഹിതം കിഫ്ബിയ്ക്ക് നൽകേണ്ടതായുണ്ട്. ആന്വിറ്റിയായി നൽകിവരുന്ന ഈ തുക കിഫ്ബിയ്ക്ക് അതിന്റെ വായ്പ തിരിച്ചടവ് ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. പെട്രോളിയം സെസ്സ് ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാരിനു ലഭിച്ച 524.95 കോടി രൂപ, 2024-25 സാമ്പത്തിക വർഷത്തിൽ സർക്കാർ കിഫ്ബിയ്ക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയ്ക്ക് നൽകി വരുന്ന ഈ തുക സർക്കാരിന്റെ മൂലധന ചെലവായിട്ടാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ